# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1896
## 07.12.2015-ലെ മറുപടിക്ക്
## ട്രഷറി നിക്ഷേപം ആകർഷകമാക്കുന്നതിനുള്ള നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ബഹു.മുഖ്യമന്ത്രി<br>ശ്രീ. ഉമ്മൻ ചാണ്ടി |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ട്രഷറി നിക്ഷേപം ആകർഷകമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ട്രഷറി നിക്ഷേപങ്ങളിലേയ്ക്ക് പൊതുജനങ്ങളെ ആകർഷിക്കുന്നതിന്റെ ഭാഗമായി ട്രഷറി സ്ഥിരനിക്ഷേപങ്ങൾക്കുള്ള പലിശനിരക്ക് പുതുക്കി G.O (P) 156/15/Fin dated 29.4.2015 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ Short Term Special Deposit Scheme പ്രകാരം 1 മുതൽ 3 മാസം വരെയുള്ള നിക്ഷേപങ്ങൾക്ക് 7.5% പലിശ നൽകുന്നതിന് G.O (Ms) No.121/2014/Fin dated 29.3.2014 പ്രകാരവും അനുമതി നൽകിയിട്ടുണ്ട്.<br>ട്രഷറി സ്ഥിരനിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സ്ഥിരനിക്ഷേപങ്ങൾ ക്യാൻവാസ് ചെയ്യുന്ന ട്രഷറി ഉദ്യോഗസ്ഥർക്ക് ഇൻസെന്റീവ് നൽകുന്ന പദ്ധതിയും നിലവിലുണ്ട്.<br>സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ/ സ്വയംഭരണ സ്ഥാപനങ്ങൾ/ വെൽഫയർ ബോർഡുകൾ എന്നിവയ്ക്ക് സംസ്ഥാന സർക്കാർ വിഹിതമായി നൽകിയ ഫണ്ടുകൾ സർക്കാർ ട്രഷറികളിൽ മാത്രമേ നിക്ഷേപിക്കാവൂ എന്നും അവയുടെ സ്വന്തം ഫണ്ടുകൾ സർക്കാർ ട്രഷറികളിൽ സ്ഥിരനിക്ഷേപങ്ങളെക്കാൾ ഉയർന്ന പലിശ ലഭ്യമാകുന്ന സാഹചര്യത്തിൽ മാത്രമേ മറ്റ് ബാങ്കുകളിൽ നിക്ഷേപിക്കാവൂ എന്നും നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഫണ്ടുകൾ ബാങ്കിൽ നിക്ഷേപിക്കുന്നത് കണ്ടെത്താനായി ധനകാര്യ പരിശോധനാ വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പൊതുമേഖലാ സ്ഥാപനങ്ങളുടേയും സർക്കാർ സ്ഥാപനങ്ങളുടേയും ട്രഷറി നിക്ഷേപം ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | |

| | | |
|---|---|---|
| | | തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ക്ഷേമനിധിബോർഡുകളിലേയും നിക്ഷേപങ്ങൾ സംസ്ഥാന ട്രഷറി സേവിംഗ്സ് ബാങ്കിൽ നിക്ഷേപിക്കുന്നു എന്നത് ഉറപ്പുവരുത്തുവാൻ ക്ഷേമനിധിബോർഡുകളിലെ ചീഫ് കോ- ഓർഡിനേറ്റർ എന്ന നിലയിൽ ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. |
| (സി) | 2013-14, 2014-15 വർഷങ്ങളിൽ ട്രഷറികളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാർ വകുപ്പുകളും ബാങ്കുകളിലേയ്ക്ക് നിക്ഷേപം മാറ്റിയിട്ടുണ്ടോ ; എങ്കിൽ എത്ര തുക മാറ്റിയിട്ടുണ്ട്; അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ? | ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള സർക്കാർ ധനസഹായങ്ങളും ഫണ്ടുകളും തിരികെ ട്രഷറിയിൽ നിക്ഷേപിക്കണമെന്ന കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കുലർ 31/2014/Fin dated 27.3.2014) സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായ നടപടികൾ ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.